प्रेस प्रकाशनी PRESS RELEASE

भारतीय रिज़र्व बैंक
RESERVE BANK OF INDIA
वेबसाइट : www.rbi.org.in/hindi
Website : www.rbi.org.in
इ-मेल email: helpdoc@rbi.org.in

संचार विभाग, केंद्रीय कार्यालय, एस.बी.एस.मार्ग, मुंबई-400001
DEPARTMENT OF COMMUNICATION, Central Office, S.B.S.Marg, Mumbai-400001
फोन/Phone: 022 2261 0835 फैक्स/Fax: 91 22 22660358

മാർച്ച് 14, 2019

# വ്യവസ്ഥാനുസാരമായി പ്രധാന്യമുള്ള തദ്ദേശബാങ്കുകളുടെ (D-S1Bs) 2018 ലെ പട്ടിക ആർ ബി ഐ പുറത്തു വിട്ടു

എസ് ബി ഐയും, ഐ സി സി ഐ ബാങ്കും, എച് ഡി എഫ് സി ബാങ്കും കഴിഞ്ഞവർഷത്തിലെ അതെ സഞ്ചയഘടനയിൽ (bucketing structure) തന്നെ തുടർന്നും തരംതിരിക്കപ്പെട്ടിരിക്കുന്നു. ഡി- എസ് ഐ ബികൾക്കു വേണ്ട, അധിക സാമാന്യ ഇകിറ്റി ടയർ-1 (CET -1) 2016 ഏപ്രിൽ 1 മുതൽ തന്നെ പടിപടിയായി നിവേശിപ്പിച്ചു തുടങ്ങിയിട്ടുണ്ട്. ഇത് 2019 ഏപ്രിൽ 1ന് പൂർണ്ണമാകും. ഈ അധിക സി ഇ ടി-1 നിർദ്ദിഷ്ഠംപരിധി മൂലധന സംരക്ഷണ ശേഖരത്തിനു പുറമേയാണ് (Capital Conservation Buffer).

ഡി എസ് ഐ ബികളുടെ പുതുക്കിയ പട്ടിക

| സഞ്ചയം | ബാങ്ക് | അധികസാമാന്യ മൂലധന ടയർ1 ആവശ്യം, റിസ്ക് വെയിറ്റഡ് ആസ്തികളുമായുള്ള ശതമാനകണക്ക് 2018-19 സാമ്പത്തിക വർഷത്തിൽ | അധികസാമാന്യ മൂലധന ടയർ 1 ആവശ്യം 2019 എപ്രിൽ 1ന് ബാധകമാം വിധം പടിപ്പടിയായി നിവേശിപ്പിക്കുന്ന രീതിയിൽ |
|---|---|---|---|
| **5** | - | 0.75% | 1% |
| **4** | - | 0.60% | 0.80% |
| **3** | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ | 0.45% | 0.60% |
| **2** | - | 0.30% | 0.40% |
| **1** | ഐ സി ഐ സി ഐ ബാങ്ക്, എച് ഡി എഫ് സി ബാങ്ക് | 0.15% | 0.20% |

പശ്ചാത്തലം

2014 ജലൈ 22ന് റിസർവ് ബാങ്ക് ഓഫ് ഇൻഡ്യാ, വ്യവസ്ഥാനുസാരമായി പ്രാധാന്യമുള്ള തദ്ദേശ ബാങ്കുകളെ (ഡി എസ് ഐ ബികൾ) കൈകാര്യം ചെയ്യുന്നതു സംബന്ധിച്ചുള്ള ചട്ടക്കൂട് പ്രഖാപിച്ചിരുന്നു. 2015 മുതൽ ഡി- എസ് ഐ ബികളായി നിർദ്ദേശിക്കപ്പെട്ട ബാങ്കുകളുടെ പേരുകൾ, ഈ ചട്ടക്കൂട് അനുസരിച്ച് റിസർവ് ബാങ്ക് വെളിപ്പെടുത്തുകയും, അവയുടെ വ്യവസ്ഥാനുസാരമായ പ്രാധാന്യത്തിൻറെ അടിസ്ഥാനത്തിൻ അനുയോജ്യമായ സഞ്ചയങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. ഒരു ഡി- എസ് ഐ ഏതു സഞ്ചയത്തിലാണോ ഉൾപ്പടുത്തപ്പെട്ടത് അതിൻറെ അടിസ്ഥാനത്തിൽ, ഒരു അധിക സാമാന്യ മൂലധന പരിധി അതിന് ബാധകമാക്കേണ്ടതുണ്ട്. ഇൻഡ്യയിൽ ശാഖാ സാന്നിദ്ധ്യമുള്ള ഒരു വിദേശബാങ്ക്, ആഗോള വ്യവസ്ഥാനുസാരമായി പ്രാധാന്യമുള്ള

ഒരു ബാങ്കാണ്. (ജി-എസ് ഐ ബി). ഒരു ജി എസ് ഐ ബി യ്ക്ക് ബാധാകമാംവിധം ബാങ്കിന് ഇൻഡ്യയിലുള്ള റിസ്ക് വെയ്റ്റഡ് ആസ്തികൾ (RWA) ക്കനുപാതമായി അധിക സി ഇ റ്റി1 മൂലധന സർചാജ് നിലനിർത്തേണ്ടിവരും.

അതായത്, തദ്ദേശ നിയന്ത്രകൻ (Home Regulator) നിശ്ചയിക്കുന്ന അധിക സി ഇ റ്റി 1 ശേഖരത്തെ (തുക) മൊത്തം സംയോജിത ആഗോള ഗ്രൂപ്പ് ആർ ഡബ്ളിയു എ-യെ സംയോജിത ആഗോള ഗ്രൂപ്പ് ബുക്കുകളനുസരിച്ചുള്ള ഇൻഡ്യയിലെ ആർ ഡബ്ളിയു എയെ കൊണ്ട് ഹരിച്ചു കിട്ടുന്ന തുക കൊണ്ട് ഗുണിച്ച് കിട്ടുന്ന തുകയായിരിക്കും ഇത്.

ഉയർന്ന മൂലധനാവശ്യങ്ങൾ 2016 ഏപ്രിൽ 1ന് തുടങ്ങി, പടിപടിയായി 2019 ഏപ്രിൽ ഒന്നാകുമ്പോഴേക്കും പൂർണ്ണനിലയിൽ എത്തിചേരും. വിവിധ സഞ്ചയങ്ങളിലുള്ള അധികസാമാന്യ മൂലധന ആവശ്യം നാലു വർഷത്തേക്ക് പടിപടിയായി നിവേശിപ്പിക്കേണ്ടത് താഴെ കാണും വിധം.

| സഞ്ചയം | ഏപ്രിൽ **1, 2016** | ഏപ്രിൽ **1, 2017** | ഏപ്രിൽ **1, 2018** | ഏപ്രിൽ **1, 2019** |
|---|---|---|---|---|
| 5 | 0.25% | 0.50% | 0.75% | 1.00% |
| 4 | 0.20% | 0.40% | 0.60% | 0.80% |
| 3 | 0.15% | 0.30% | 0.45% | 0.60% |
| 2 | 0.10% | 0.20% | 0.30% | 0.40% |
| **1** | 0.05% | 0.10% | 0.15% | 0.20% |

ഡി എസ് ഐ ബി ചട്ടക്കൂടിൽ പറഞ്ഞിട്ടുള്ള രീതി സമ്പ്രദായമനുസരിച്ച്, 2015 മാർച്ച് 31, 2016, മാർച്ച് 31 എന്നീ തീയതികളിൽ സമാഹരിച്ച വിവരങ്ങളനുസരിച്ചും, റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ, സ്റ്റേറ്റ് ബാങ്ക ഓഫ് ഇൻഡ്യയെ 2015 ആഗസ്റ്റ് 31-നും, ഐ സി സി ഐ ബാങ്ക് ലിമിറ്റഡിനെ ആഗസ്റ്റ് 26നും ഡി എസ് ഐ ബികളായി പ്രഖ്യാപിച്ചു. 2017 മാർച്ച് 31ന് സമാഹരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ, റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, ഐ സി ഐ സി ഐ ലിമിറ്റഡ്, എച് ഡി എഫ് സി ഐ ബാങ്ക് ലിമിറ്റഡ് എന്നിവയെ 2017 സെപ്റ്റംബർ 04ന് ഡി-എസ് ഐബികളായി പ്രഖ്യാപിച്ചു. ഏറ്റവും ഒടുവിലുള്ള നിലവാരം, 2018 മാർച്ച് 31ന് ബാങ്കുകളിൽ നിന്നും ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്.

"ബാങ്കുകളെ ഡി- എസ് ഐ ബികളെന്ന് തരംതിരിക്കുന്നിതിനും വ്യവസ്ഥാനു സാരമായ പ്രാധാന്യം കണ്ടെത്തുന്നതിനുമുള്ള മൂല്യനിർണ്ണയ സമ്പ്രദായം, തുടർച്ച യായി പുനരവലോകനം ചെയ്യപ്പെടേണ്ടതാണെന്ന് ഡി എസ് ഐ ബി ചട്ടക്കൂട് ആവശ്യപ്പെടുന്നുണ്ട്. എന്നാലും ഈ പുനരവലോകനം മൂന്നുകൊല്ലത്തിൽ ഒരിക്കലായരിക്കും." നിലവിലെ അവലോകനവും രാജ്യമാസകലമുള്ള പതിവുകാര്യ ങ്ങളുടെ വിശകലനവും, നിലവിലുള്ള ചട്ടക്കൂടിന് എന്തെങ്കിലും മാറ്റം ഇപ്പോൾ വരുത്തണമെന്ന് ആവശ്യപ്പെടുന്നില്ല.

ജോസ് ജെ കാട്ടൂർ

**പ്രസ്സ് റിലീസ് 2018-2019/2191** ചീഫ് ജനറൽ മാനേജർ